**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 106

13.6.2013 ൽ
മറുപടിയ്ക്ക്

## സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ ക്രമക്കേടുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.ഗുരുദാസൻ :<br>ശ്രീ. റ്റി.വി. രാജേഷ് :<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ :<br>ശ്രീ. എം. ചന്ദ്രൻ : | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ സാധനങ്ങൾ വാങ്ങുന്നതിൽ ക്രമക്കേടുകൾ റിപ്പോർട്ടു ചെയ്യപ്പെടുന്ന സാഹചര്യത്തിൽ ഇത് തടയുന്നതിന് സ്വീകരിച്ച മുൻ കരുതലുകൾ വിശദമാക്കാമോ ; | എ) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ സാധനങ്ങൾ വാങ്ങുന്നതിലെ ക്രമക്കേടുകൾ തടയുന്നതിലേക്ക് ഇ-ടെണ്ടർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. തികച്ചും സുതാര്യവും കമ്പ്യൂട്ടർവൽകൃതവുമായ ഈ സംവിധാനം ഫലപ്രദമായി നടപ്പിലാക്കി വരുന്നു. ബാഹ്യ ഇടപെടലുകൾക്ക് സാദ്ധ്യതയില്ലാത്തവിധം സുതാര്യമായ രീതിയിൽ ചെയ്യുന്ന ഇ-ടെണ്ടർ വഴി ലഭിക്കുന്ന ഓഫറുകൾ സപ്ലൈകോയുടെ എല്ലാ മാനേജർമാരും ഉൾപ്പെടുന്ന HOMC (ഹെഡ് ഓഫീസ് മാനേജ്മെന്റ് കമ്മിറ്റി) വിശകലനം ചെയ്ത് വിവിധ ഡിപ്പോകളിൽ നിന്നുള്ള ഇൻഡെന്റുകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ അളവിൽ സാധനങ്ങൾ വാങ്ങുന്നതിന് തീരുമാനമെടുക്കുകയാണ് ചെയ്യുന്നത്. മേൽ വിവരിച്ച പ്രകാരം വളരെ സുതാര്യമായി പരാതികൾക്ക് ഇടകൊടുക്കാതെയാണ് അവശ്യസാധനങ്ങൾ വാങ്ങുന്നതും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ 56 താലൂക്ക് ഡിപ്പോകളിലൂടെ വിൽപ്പന നടത്തുന്നതും. |
| ബി) കഴിഞ്ഞ വർഷം വൻപയർ വാങ്ങിയതിലുണ്ടായ ക്രമക്കേടിന്റെ പേരിൽ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ ; | ബി) ഈ വിഷയത്തിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർക്കെതിരെ കുറ്റപത്രം നൽകി വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) അച്ചടക്ക നടപടിയുടെ ഭാഗമായി സ്ഥലം മാറ്റിയ ഉദ്യോഗസ്ഥർക്ക് അതേ സ്ഥലത്ത് വീണ്ടും നിയമനം നൽകുകയുണ്ടായോ; | സി) അച്ചടക്ക നടപടിയുടെ ഭാഗമായി സ്ഥലം മാറ്റിയ ഉദ്യോഗസ്ഥർക്ക് അതേ സ്ഥലത്ത് വീണ്ടും നിയമനം നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| ഡി) | വൻപയർ ഇടപാടിനെ സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തിയിരുന്നോ ; | ഡി) | വൻപയർ ഇടപാടിനെ സംബന്ധിച്ച് സിവിൽ സപ്ലൈസ് കോർപ്പറേഷനിലെ വിജിലൻസ് എസ്.പി നേതൃത്വം നൽകുന്ന വിജിലൻസ് വിഭാഗം അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. |
| ഇ) | പ്രസ്തുത ഇടപാടിൽ പങ്കാളിയായ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് റിപ്പോർട്ടിൽ പരാമർശമുണ്ടായിരുന്നോ ; ഇവരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; | ഇ) | പ്രസ്തുത വിഷയത്തിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർക്കെതിരെ സപ്ലൈകോ വിജിലൻസ് ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിൽ പരാമർശമുണ്ടായിരുന്നു. ഇവരുടെ പേരിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. |
| എഫ്) | നിലവാരം കുറഞ്ഞ വൻപയർ വിതരണം ചെയ്ത കമ്പനിയെ കരിമ്പട്ടികയിൽപെടുത്തിയിരുന്നോ ; ഈ കമ്പനി പേരുമാറ്റി വീണ്ടും സപ്ലൈകോയിൽ ഭക്ഷ്യധാന്യ വിതരണത്തിന് എത്തിയിട്ടുണ്ടോ ; | എഫ്) | വൻപയർ വിതരണം ചെയ്ത കമ്പനിയെ കരിമ്പട്ടികയിൽ ഉൾപ്പെടുത്താതിരിക്കുവാൻ കാരണം കാണിക്കൽ നോട്ടീസ് അയച്ചിട്ടുള്ളതാകുന്നു. ഇതിന്റെ മേൽ നടപടികൾ സ്വീകരിച്ചു വരുന്നു. ഈ കമ്പനി പേരുമാറ്റി വീണ്ടും സപ്ലൈകോയിൽ ഭക്ഷ്യധാന്യ വിതരണത്തിന് എത്തിയിട്ടില്ല. |
| ജി) | പ്രസ്തുത ക്രമക്കേടിന് കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ? | ജി) | ഈ വിഷയത്തിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർക്കെതിരെ 1960 ലെ കെ.സി.എസ്. (സി.സി&എ) ചട്ടങ്ങൾ പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടികൾ സ്വീകരിച്ചു വരുന്നു. |

Beenan

സെക്ഷൻ ഓഫീസർ